"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.നാരായണപിള്ള.പി.യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.630/2022/LSGD തീയതി,തിരുവനന്തപുരം, 15-03-2022

---

പരാമർശം:-

1. സ.ഉ.(സാധാ)നം.44/2015/തസ്വഭവ തീയതി 07.01.2015.
2. സ.ഉ.(സാധാ)നം.952/2015/തസ്വഭവ തീയതി 27.03.2015.
3. സർക്കാരിന്റെ 16.11.2017-ലെ 173/ഇപിബി3/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ.നാരായണപിള്ള പി. സമർപ്പിച്ച 18.01.2018-ലെ പ്രതിവാദ പത്രിക.
5. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2018-ലെ ഡി4-10981/2015 നമ്പർ കത്ത്.
6. 4.04.2019 ലെ സ.ഉ.(സാധാ)നം.801/2019 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
7. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.07.2019- ലെ D4-5228/2015(1) നമ്പർ അന്വേഷണ റിപ്പോർട്ട്.
8. സർക്കാരിന്റെ 05.07.2021 ലെ ഇപിബി 3/173/2016/തസ്വഭവ നമ്പർ കത്ത്
9. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 28.02.2022-ലെ A1-2/30/2021-KPSC നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 31.07.2010-ലെ 17-ാം നമ്പർ തീരുമാന പ്രകാരം മേപ്പാടം എന്ന സ്ഥലം ആസ്ഥാനമാക്കി ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പ്രൊപ്പോസൽ അനുമതിക്കായി സർക്കാരിൽ സമർപ്പിക്കുകയും തുടർന്ന് സർക്കാർ അത് പരിഗണിച്ച് 12.01.2011 ലെ സ.ഉ (സാധാ) നം. 145/2011/H&FRD ഉത്തരവ് പ്രകാരം ഹോമിയോ ഡിസ്പെൻസറി അനുവദിക്കുകയും ചെയ്തു. എന്നാൽ മേപ്പാടത്ത് ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് പകരം മമ്പാട് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ കാട്ടുമുണ്ട എന്ന സ്ഥലത്ത് പ്രസ്തുത ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 03.03.2011-ന് 4-ാം നമ്പരായി ഏഴ് മെമ്പർമാരുടെ വിയോജനക്കുറിപ്പോടെ തീരുമാനമെടുക്കുകയും സ്ഥാപിക്കുകയും ചെയ്തു.

പഞ്ചായത്ത് കമ്മിറ്റിയുടെ നിയമപരമല്ലാത്ത പ്രസ്തുത തീരുമാനത്തിനെതിരായി

ശ്രീ.അബ്ദുൾ കരീം സർക്കാരിൽ ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയും തുടർന്ന് സർക്കാർ കാട്ടുമുണ്ടയിൽ ഡിസ്പെൻസറി സ്ഥാപിക്കുന്ന തീരുമാനം 29.12.2012 ലെ 76749/ഡിബി2/12 നമ്പർ കത്ത് പ്രകാരം സ്റ്റേ ചെയ്യുകയുമുണ്ടായി. എന്നാൽ സർക്കാരിന്റെ പ്രസ്തുത ഉത്തരവിനെ വക വയ്ക്കാതെ 29.12.2012 ൽ കാട്ടുമുണ്ട ഹോമിയോ ഡിസ്പെൻസറിയിൽ ഒരു മെഡിക്കൽ ഓഫീസറെ നിയമിച്ചുകൊണ്ട് ടി സ്ഥാപനം പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

ഇതേ സമയം, സർക്കാരിന്റെ സ്റ്റേ വെക്കേറ്റ് ചെയ്യുവാനായി മേപ്പാടം വാർഡ് 7 ലെ പഞ്ചായത്ത് മെമ്പറായ മാലപ്ര ചന്ദ്രൻ ബഹു.ഹൈക്കോടതിയിൽ WP(C) No.123/13 ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി, സർക്കാരിനോട് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി ഡിസ്പെൻസറി ആരംഭിക്കുന്നതിന്മേൽ ഒരു തീരുമാനം എടുക്കുവാൻ നിർദ്ദേശിച്ചു. ടി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സർക്കാർ ബന്ധപ്പെട്ട കക്ഷികളെ കേൾക്കുകയും ലഭിച്ച രേഖകൾ പരിശോധിക്കുകയും തുടർന്ന് കാട്ടുമുണ്ടയിൽ ഡിസ്പെൻസറി തുടങ്ങുവാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ അസാധുവാക്കിയ കാര്യം ചൂണ്ടിക്കാട്ടുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് ആക്ട് 191(1)(a)(b) പ്രാകാരം കാട്ടുമുണ്ടയിൽ ഡിസ്പെൻസറി തുടങ്ങാനുള്ള മമ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കഴമ്പില്ലാത്തതാണെന്ന് സ്പഷ്ടമാക്കുകയും ഹോമിയോ ഡിസ്പെൻസറി മേപ്പാടത്തുനിന്നും കാട്ടുമുണ്ടയിലേയ്ക്ക് മാറ്റാനുള്ള ഗ്രാമപഞ്ചായത്ത് യോഗതീരുമാനം റദ്ദ് ചെയ്തും മേപ്പാടം ആസ്ഥാനമാക്കി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നല്കിയും ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് പരാമർശം (1) പ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് പകരം മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 07.02.2015-ന് 10(13) നമ്പരായി പ്രസ്തുത സർക്കാർ ഉത്തരവ് ചർച്ച ചെയ്യുകയും നിലവിൽ കാട്ടുമുണ്ടയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പെൻസറി മേപ്പാടത്തേയ്ക്ക് മാറ്റണമെന്ന് സർക്കാർ ഉത്തരവിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലെന്നും ആയതിനാൽ നിലവിൽ കാട്ടുമുണ്ടയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പെൻസറി കാട്ടുമുണ്ടയിൽ തന്നെ നിലനിർത്തുന്നതിനും മേപ്പാടം ആസ്ഥാനമായി പുതിയ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ സർക്കാരിനോട് അപേക്ഷിക്കുവാൻ എട്ട് പഞ്ചായത്ത് അംഗങ്ങളുടെ വിയോജനക്കുറിപ്പോടെ തീരുമാനം കൈക്കൊള്ളുകയുമാണ് ഉണ്ടായത്. നിയമാനുസൃതമല്ലാത്ത പ്രസ്തുത തീരുമാനത്തിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതെ അനുകൂലിക്കുകയും സ്പഷ്ടീകരണം ആവശ്യമാണെന്ന് ഭരണസമിതിയെ അറിയിക്കുകയും ചെയ്തത് സെക്രട്ടറിയായിരുന്ന ശ്രീ. നാരായണപിള്ളയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ടെന്നിരിക്കെ ആയത് നടപ്പിലാക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട് എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ശ്രീ.നാരായണപിള്ളയെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും ഉണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് രജിസ്റ്റേർഡായി അയച്ചു നല്കിയത് ശ്രീ.നാരായണപിള്ള കൈപ്പറ്റാത്തതിനാൽ തിരികെ മടങ്ങി വരികയും തുടർന്ന് ടിയാൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.605/2015-ന്മേൽ

ബഹു.ട്രിബ്യൂണൽ 07.04.2015-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശ്രീ നാരായണപിള്ളയെ സസ്പെൻഡ് ചെയ്ത നടപടി സ്റ്റേ ചെയ്യുകയും എന്നാൽ സർക്കാരിന്റെ സസ്പെൻഷൻ ഉത്തരവ് നിലനില്ക്കുന്ന സമയത്ത് ബഹു. കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതെ ശ്രീ.നാരായണപിള്ള ചട്ടവിരുദ്ധമായി 20.04.2015-ന് സ്വയം മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പുന:പ്രവേശിക്കുകയുമാണ് ഉണ്ടായത്. മേൽ സാഹചര്യത്തിൽ ശ്രീ.നാരായണപിള്ള സർവ്വീസിൽ പുന:പ്രവേശിച്ചു എന്ന് കരുതാനാകില്ല. തുടർന്ന് ശ്രീ.നാരായണപിള്ള 30.04.2015-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.നാരായണപിള്ളയ്ക്കെതിരെ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ മുൻനിർത്തി കെഎസ്.ആർ. ഭാഗം 3 ചട്ടം 3 (ബി) പ്രകാരം അച്ചടക്ക നടപടി തുടരുന്നതിന് തീരുമാനമെടുത്ത് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ചുവടെ ചേർക്കുന്ന കുറ്റങ്ങൾ മുൻനിർത്തിയാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളത്.

1. നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം വിയോജനക്കുറിപ്പ് രേഖപ്പെടുത്താതെ അനുകൂലിക്കുകയും സ്പഷ്ടീകരണം ആവശ്യമാണെന്ന് ഭരണ സമിതിയെ അറിയിക്കുകയും ചെയ്തത് ശ്രീ. നാരായണപിള്ളയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്.
2. സർക്കാരിൽ നിന്നുള്ള സസ്പെൻഷൻ ഉത്തരവ് കൈപ്പറ്റാതെ തിരിച്ചയച്ചു
3. സർക്കാരിന്റെ സസ്പെൻഷൻ ഉത്തരവ് നിലനില്ക്കെ കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതെ ചട്ടവിരുദ്ധമായി 20.04.2015-ന് സ്വയം മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പുന:പ്രവേശിച്ചു.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ നാരായണപിള്ള പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. നാരായണപിള്ളയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി കഠിന ശിക്ഷകളുള്ളതാകയാൽ ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ശ്രീ.പി. നാരായണപിള്ള 14.06.2014 മുതൽ 30.04.2015 വരെയുള്ള കാലയളവിലാണ് മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളത് എന്നും ആയതിനാൽ മേപ്പാടം ആസ്ഥാനമാക്കി ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 31.07.2010 ന് 17- ാം നമ്പറായി തീരുമാനം കൈക്കൊണ്ട വേളയിലോ മമ്പാട് താത്ക്കാലിക ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് 12.01.2011 തീയതിയിലെ സർക്കാർ G.O.(Rt) No.145/2011/H&FWD നമ്പറായി ഉത്തരവ് പുറപ്പെടുവിച്ച

വേളയിലോ ടിയാൻ മമ്പാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നില്ല എന്നത് വാസ്തവമാണ് എന്നും എന്നാൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹു.കേരള ഹൈക്കോടതിയുടെ WP(C)123/2013 നമ്പർ കേസിലെ 08.10.2013 ലെ വിധിന്യായം അനുപാലിച്ചുകൊണ്ട് സർക്കാർ 07.01.2015 തീയതിയിൽ സ.ഉ.(സാധാ) നം. 44/2015 തസ്വഭവ നമ്പറായി ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ കുറ്റാരോപിതനായ ശ്രീ നാരായണപിള്ളയാണ് മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ മമ്പാട് ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ കാട്ടുമുണ്ട എന്ന സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 03.03.2011, 13.12.2012 തീയതികളിൽ കൈക്കൊണ്ട തീരുമാനങ്ങൾ ക്രമപ്രകാരമല്ലാത്തതാകയാൽ ആയവ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 191(1)(എ), (ബി) വകുപ്പ് പ്രകാരം റദ്ദ് ചെയ്യുന്നുവെന്നും, 31.07.2010 ലെ 17- ാം നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം മേപ്പാടം ആസ്ഥാനമായി ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ മമ്പാട് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകി ബഹു.ഹൈക്കോടതിയുടെ 08.10.2013 ലെ WP(C)123/2013 നമ്പർ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നുവെന്നും വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

ശ്രീ.നാരായണപിള്ളയുടെ എതിർവാദങ്ങൾ പരിശോധിച്ചതിൽ, 12.01.2011 തീയതിയിലെ സർക്കാർ G.O.(Rt) No.145/2011/H&FWD നമ്പറായി പുറപ്പെടുവിച്ച ഉത്തരവ് സംസ്ഥാനത്തൊട്ടാകെ 6 8 താത്കാലിക ഹോമിയോ ഡിസ്പെൻസറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിക്കാൻ അനുമതി നൽകികൊണ്ടുള്ളതാണെന്നും, ആയതിൽ മമ്പാട് എന്ന് മാത്രമാണ് പരാമർശമുള്ളതെന്നും, ഹോമിയോ ഡിസ്പെൻസറി മേപ്പാടത്ത് ആരംഭിക്കണമെന്ന് ആയതിൽ നിഷ്കർഷിച്ചിട്ടില്ലെന്നും എന്നാൽ മമ്പാട് ഗ്രാമപഞ്ചായത്തിൽ നിന്നും മേപ്പാടം ആസ്ഥാനമാക്കി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് 31.07.2010 ന് 17 - ാം നമ്പറായി കൈക്കൊണ്ട പഞ്ചായത്ത് തീരുമാനപ്രകാരം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ടി ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് പരാമർശിത സർക്കാർ ഉത്തരവ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ് എന്നും ആയതിനാൽ തന്നെ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കേണ്ടത് മേപ്പാടത്തു തന്നെയാണെന്ന് വ്യക്തവും സ്പഷ്ടവുമാണ് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 07.01.2015 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 44/2015/തസ്വഭവ നമ്പർ ഉത്തരവിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായ ശ്രീ നാരായണപിള്ളയ്ക്ക് ഉടലെടുത്ത സംശയങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ലായെന്നും ആകയാൽ ഇത് സംബന്ധിച്ച് ടിയാൻ നിരത്തിയ ന്യായവാദങ്ങൾ തീർത്തും അപ്രസക്തമാണെന്നും, ആയവ പരിഗണനാർഹമല്ലെന്നും പരാമർശിത 07.01.2015 ലെ സ.ഉ.(സാധാ) നം. 44/2015/തസ്വഭവ സർക്കാർ ഉത്തരവിൽ ഹോമിയോ ഡിസ്പെൻസറി മേപ്പാടത്തു ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളാൻ വ്യക്തമായി പ്രതിപാദിച്ചിട്ടും ഭരണസമിതിയിൽ ആശയക്കുഴപ്പം ഉണ്ടാക്കി പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കുന്ന നിലപാട് കൈക്കൊള്ളുകയാണ് ശ്രീ.നാരായണപിള്ള

<u>അവലംബിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182(1) പ്രകാരം പഞ്ചായത്തിന്റെ പരിഗണനക്ക് വരുന്ന ഏതൊരു സംഗതിയിന്മേലും സെക്രട്ടറി തന്റെ അഭിപ്രായം രേഖപ്പെടുത്തേണ്ടതും, അജണ്ടയിലെ ഓരോ ഇനത്തിലും സെക്രട്ടറിയുടെ വ്യക്തമായ അഭിപ്രായം സഹിതം പഞ്ചായത്തിന്റെ മുമ്പാകെ വെക്കേണ്ടതാണെന്നും, സെക്ഷൻ 182(2), 182(3) എന്നിവ പ്രകാരം പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും പ്രമേയം നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ ഈ ആക്ടോ മറ്റേതെങ്കിലും ആക്ടോ പ്രകാരം നൽകിയിട്ടുള്ള അധികാര സീമ ലംഘിച്ചതാണെന്നോ അല്ലെങ്കിൽ അത് നടപ്പാക്കിയാൽ മനുഷ്യജീവനോ ആരോഗ്യത്തിനോ, പൊതു സുരക്ഷക്കോ അപകടമാകുവാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, അദ്ദേഹം ആ പ്രമേയം പുന:രവലോകനം ചെയ്യാൻ പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും, പഞ്ചായത്ത് അത് പുന:രവലോകനം ചെയ്യുന്ന സമയത്ത് തന്റെ അഭിപ്രായങ്ങൾ പറയേണ്ടതും, അതിനുശേഷവും പഞ്ചായത്ത് ആദ്യ തീരുമാനത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ, വിവരം പ്രസിഡന്റിനെ അറിയിച്ച ശേഷം സംഗതി തീരുമാനത്തിനായി സർക്കാരിന് റഫർ ചെയ്യേണ്ടതും 15 ദിവസം വരെ സർക്കാരിന്റെ തീരുമാനം ലഭിക്കാതിരുന്നാൽ പ്രസ്തുത പ്രമേയം നടപ്പിലാക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 1995 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 5(4) പ്രകാരം പഞ്ചായത്ത് ഭരണസമിതി മുൻപാകെ വരുന്ന ഓരോ അജണ്ടയ്ക്കും നിയമത്തിലും ചട്ടത്തിലും നിർദ്ദേശിച്ച പ്രകാരം പഞ്ചായത്തിന് ഉപദേശം നൽകാൻ സെക്രട്ടറി ബാധ്യസ്ഥനാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ 07.01.2015 ലെ സ.ഉ.(സാധാ) നം.44/2015/തസ്വഭവ നമ്പർ ഉത്തരവ് ചർച്ച ചെയ്ത 07.02.2015 ലെ ഗ്രാമപഞ്ചായത്ത് മിനുട്ട്സ് പരിശോധിച്ചതിൽ, ടി സർക്കാർ ഉത്തരവ് സംബന്ധിച്ച് സെക്രട്ടറിയെന്ന നിലയിൽ ശ്രീ.നാരായണപിള്ള തന്റെ അഭിപ്രായം രേഖപ്പെടുത്തുകയോ, ഗ്രാമപഞ്ചായത്തിന് നിയമാനുസരണ ഉപദേശം ടിയാൻ നൽകുകയോ ചെയ്തിട്ടില്ലെന്നും ഇപ്രകാരം, ശ്രീ നാരായണപിള്ള 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 182(1), (2),(3) എന്നിവ പ്രകാരമുള്ള ചുമതലകളും, 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടി ചട്ടക്രമം) ചട്ടം 5(4) പ്രകാരമുള്ള ബാധ്യതയും നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ കുറ്റാരോപിതനായ ശ്രീ. പി. നാരായണപിള്ള 31.03.2015 തീയതി രേഖപ്പെടുത്തിക്കൊണ്ട് നിർദ്ദിഷ്ട മാതൃകയിലുള്ള ഫോം നമ്പർ 13 പ്രകാരമുള്ള ലീവ് അപേക്ഷ സമർപ്പിച്ചത് 06.04.2015 ന് ലഭ്യമാക്കുകയുണ്ടായി എന്നും ടി ലീവ് അപേക്ഷയിൽ 06.04.2015 മുതൽ 30.04.2015 വരെ കാലയളവിലേക്ക് അർദ്ധവേതനാവധി പരിവർത്തിതാവധിയായി കമ്മ്യൂട്ട് ചെയ്യുന്നതിനായിരുന്നു മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശുപാർശ സഹിതം അപേക്ഷിച്ചിരുന്നത് എന്നും എന്നാൽ ടിയാനെ സർക്കാർ 27.03.2015 ലെ സ. ഉ. (സാധാ) 952/2015/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിരുന്ന സാഹചര്യത്തിൽ പ്രസ്തുത ലീവ് അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധ്യമാകാത്ത സ്ഥിതിവിശേഷം സംജാതമാവുകയുണ്ടായി എന്നും മമ്പാട് ഗ്രാമപഞ്ചായത്തിലെ പരാമർശിത കാലയളവിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ,

സെക്രട്ടറി ശ്രീ.നാരായണപിള്ളയുടെ പേരിന് നേരെ 06.04.2015 തീയതിയിലെ കോളത്തിൽ ഒന്നും രേഖപ്പെടുത്താതെ വരച്ചിട്ടതായും, 07.04.2015 തീയതിയിൽ 27.03.2015 ലെ പരാമർശിത സസ്പെൻഷൻ ഉത്തരവ് പ്രകാരം 'സസ്പെൻഷൻ' എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നും 09.04.2015 ന് സ്റ്റേ ഓർഡർ കയ്യിൽ കിട്ടിയപ്പോഴും ഓഫീസിൽ ഹാജരാകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് കിട്ടിയതിന് ശേഷവുമാണ് താൻ ഓഫീസിൽ ഹാജരായിട്ടുള്ളതെന്ന് ടിയാൻ എതിർവാദം ചെയ്യുകയുണ്ടായെങ്കിലും അത് അംഗീകാരയോഗ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിയമനാധികാരിയോ, അവധി നൽകുന്ന അധികാരിയോ അല്ലാത്തതിനാൽ ഇത് സംബന്ധിച്ച് ശ്രീനാരായണപിള്ള നിരത്തിയ ന്യായവാദങ്ങൾ അടിസ്ഥാനരഹിതമാണെന്നും കൂടാതെ 20.04.2015 ന് ടിയാൻ ജോലിയിൽ പുനഃപ്രവേശിച്ചത് അന്നത്തെ മലപ്പുറം ഡെപ്യൂട്ടി ഡയറക്ടറെയും, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറെയും അറിയിച്ചിട്ടാണെന്ന് ടിയാൻ എതിർവാദം ചെയ്തിട്ടുണ്ടെങ്കിലും ഇത്തരത്തിൽ ഒരറിയിപ്പും ടിയാൻ നൽകിയിട്ടില്ലെന്നും ഇപ്രകാരം സർക്കാരിന്റെ സസ്പെൻഷൻ ഉത്തരവ് നിലനിൽക്കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശിത സ്റ്റേ ഉത്തരവ് ലഭ്യമായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി യഥാവിധി നിയമന ഉത്തരവ് ലഭ്യമാക്കി ജോലിയിൽ പുനഃപ്രവേശിക്കുന്നതിന് നിയമാനുസൃതം യാതൊരുവിധ നടപടികളും കൈക്കൊള്ളാതെ 20.04.2015 ന് മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സ്വയം ജോലിയിൽ പ്രവേശിച്ച ടിയാന്റെ നടപടി നിലവിലുള്ള വ്യവസ്ഥാപിത ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും, ആയത് ന്യായീകരണം അർഹിക്കുന്നതല്ലെന്നും സർക്കാർ സർവ്വീസിൽ 3 3 വർഷത്തിലധികം നീണ്ട ദീർഘകാല പരിചയസമ്പത്തുള്ള ടിയാൻ ഇപ്രകാരം 20.04.2015 ന് ജോലിയിൽ സ്വയം പുനഃപ്രവേശിച്ച നടപടി യാതൊരു തരത്തിലും ന്യായീകരണമർഹിക്കുന്നതല്ലെന്നും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ നാരായണപിള്ളയെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട്27.03.2015 ന് സ.ഉ.(സാധാ) 952/2015/ തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ടി ഉത്തരവ് 07.04.2015 നാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമായത് എന്നും അന്നേ ദിവസം തന്നെ ആയത് ശ്രീ.നാരായണപിള്ളയ്ക്ക് രജിസ്റ്റേർഡ് തപാലിൽ വ്യക്തിഗത മേൽവിലാസത്തിൽ അയച്ച് നൽകിയെങ്കിലും അത് ടിയാൻ കൈപ്പറ്റാതെ തിരികെ ലഭിക്കുകയും, തുടർന്ന് ടിയാന്റെ കോട്ടയത്തുള്ള വിലാസത്തിൽ 17.04.2015 ന് രജിസ്റ്റേർഡ് തപാൽ/മടക്കരസീത് സഹിതം വീണ്ടും സസ്പെൻഷൻ ഉത്തരവ് അയച്ച് നൽകിയെങ്കിലും അതും ടിയാൻ കൈപ്പറ്റാതെ തിരികെ ലഭിക്കുകയാണ് ഉണ്ടായതെന്നും ആയതിന് പിതാവിന്റെ അസുഖത്തെ തുടർന്ന് ടിയാനെ ഇടയ്ക്കിടെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് കോട്ടയത്തുള്ള വീട്ടിലേക്ക് പോയ കാര്യവും, താൻ സ്ഥലത്തില്ലാത്തതു കൊണ്ടാകാം സസ്പെൻഷൻ ഉത്തരവ് മടക്കി അയയ്ക്കാനിടയായിട്ടുള്ളതെന്നും എതിർവാദം ചെയ്തിട്ടുള്ളത് തീർത്തും അംഗീകാരയോഗ്യമല്ല എന്നും ടിയാന്റെ നിലവിലുള്ള രണ്ട് വ്യക്തിഗത മേൽവിലാസങ്ങളിലേക്കും ടി സസ്പെൻഷൻ ഉത്തരവ് അയച്ച് നൽകിയിട്ടും അത് കൈപ്പറ്റാതെ തിരികെ ലഭിക്കാനിടയായ സാഹചര്യം സംജാതമാക്കിയത് തീർത്തും സംശയാസ്പദമാണ് എന്നും അത് ടിയാന്റെ ഭാഗത്തു നിന്നുള്ള ബോധപൂർവ്വമായ വീഴ്ച

തന്നെയാണെന്ന് എന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

18.07.2019 ലെ ഔപചാരിക അന്വേഷണ വേളയിൽ 09.04.2015 നാണ് തനിക്ക് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.04.2015 ലെ ഒ.എ 605/2015 നമ്പർ ഉത്തരവ് ലഭിക്കുകയുണ്ടായതെന്നും ആയത് സർക്കാരിന് സമർപ്പിക്കുന്നതിനായി മതിയായ പകർപ്പുകൾ സഹിതമുള്ള അപേക്ഷ സമർപ്പിച്ചിരുന്നുവെന്ന് പരാമർശിച്ചുകൊണ്ട് ടിയാൻ 08.04.2015 ന് എ 1-5770 നമ്പറായി ആയതിനുള്ള പരിപത്രമെന്ന നിലയിൽ ഒരു കത്ത് തെളിവായി ഹാജരാക്കുകയുണ്ടായെങ്കിലും ടി കത്ത് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ മാത്രം സംബോധന ചെയ്തിട്ടുള്ളതാണെന്നും, അത് ഉചിതമാർഗ്ഗേണ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയതല്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീ.നാരായണപിള്ളയ്ക്ക് എതിരെ പുറപ്പെടുവിച്ച കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ച കുറ്റാരോപണങ്ങൾക്ക് ശ്രീ.നാരായണപിള്ള ബോധിപ്പിച്ച മറുപടിയിലും, ടി വിഷയത്തിൽ നടത്തിയ ഔപചാരിക അന്വേഷണവേളയിലും നിരത്തിയിട്ടുള്ള ന്യായവാദങ്ങളത്രയും അടിസ്ഥാനരഹിതവും പരിഗണനാർഹവുമല്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദമായ ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതന് അയച്ചു നൽകുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കൂടുതലായി ബോധിപ്പിക്കാനുള്ള വസ്തുതകൾ അറിയിക്കുന്നതിനും നേരിൽ കേൾക്കുന്നതിനുമായി നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ടിയാനെ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 04.02.2021 ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ ടിയാൻ ചുവടെ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

1.നിയമാനുസൃതമല്ലാത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം താൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതെ, തീരുമാനത്തെ അനുകൂലിക്കുകയും സ്പഷ്ടീകരണം ആവശ്യമാണെന്ന് ഭരണസമിതിയെ അറിയിക്കുകയും ചെയ്തു എന്നതാണ് തന്റെ ഭാഗത്തെ കുറ്റമായി പറഞ്ഞിരിക്കുന്നത്. മമ്പാട് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 07.01.2015 ലെ 44/15 തസ്വഭവ നമ്പർ ഉത്തരവ് 22.01.2015 നാണ് ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നത്. ഈ ഉത്തരവിൽ പ്രധാനമായും രണ്ടു നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. (1) മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 03.03.2011, 13.12.2012 തീയതികളിലായി എടുത്ത തീരുമാനങ്ങൾ നിയമവിരുദ്ധമായതിനാൽ അവ റദ്ദ് ചെയ്യുന്നു. (2) മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.07.2010 ലെ 17 ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ മേപ്പാടം ആസ്ഥാനമാക്കി ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുക. പഞ്ചായത്ത് ഭരണസമിതി 07.02.2015 ൽ ചേർന്ന യോഗത്തിൽ മേൽ സർക്കാർ ഉത്തരവ് വളരെ വിശദമായി ചർച്ച ചെയ്ത് ഈ രണ്ട് നിർദ്ദേശങ്ങളും അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ തീരുമാനങ്ങൾ റദ്ദ് ചെയ്തതായി മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തുകയും മേപ്പാടം ആസ്ഥാനമായി ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള അപേക്ഷ ആരോഗ്യ വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മമ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 31.07.2010 ലെ 17 ാം നമ്പറായി എടുത്ത

തീരുമാനത്തിനു തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുവാൻ കഴിഞ്ഞിട്ടില്ല. മമ്പാട് ഗ്രാമപഞ്ചായത്തിനു ഹോമിയോ ഡിസ്പെൻസറി അനുവദിച്ച ഉത്തരവിൽ ആയത് മേപ്പാടത്ത് തുടങ്ങണം എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല. മേൽ ഉത്തരവ് വന്നതിനുശേഷം ഒരിക്കൽപ്പോലും പഞ്ചായത്ത് ഭരണസമിതി ഡിസ്പെൻസറി മേപ്പാടത്ത് തുടങ്ങണം എന്ന് തീരുമാനിച്ചിട്ടുമില്ല എന്നീ കാരണങ്ങളാൽ മേൽ തീരുമാനം ക്രമവിരുദ്ധമായി തോന്നിയില്ല. ആയതിനാലാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്താതിരുന്നത്. സർക്കാർ റദ്ദ് ചെയ്ത തീരുമാനങ്ങളിലും 07.02.2015 ന് ചേർന്ന യോഗത്തിലെ തീരുമാനത്തിലും എട്ട് പഞ്ചായത്തംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. ഉത്തരവിലാണെങ്കിൽ മേപ്പാടം ആസ്ഥാനമാക്കി ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് വേണ്ട പ്രാരംഭനടപടികൾ സ്വീകരിക്കണം എന്നല്ലാതെ കാട്ടുമുണ്ടയിലുള്ള ഡിസ്പെൻസറി എന്തു ചെയ്യണം എന്നു സൂചിപ്പിച്ചിട്ടുമില്ലായിരുന്നു. ആയതിനാലാണ് സ്പഷ്ടീകരണം ആവശ്യമാണെന്ന് ഭരണസമിതിയെ അറിയിച്ചത്. 2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കി തുടങ്ങിയ സാഹചര്യത്തിൽ വ്യക്തമായ സർക്കാർ ഉത്തരവില്ലാതെ നിലവിൽ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനം അവിടെ നിന്നു മാറ്റുവാൻ ശ്രമിച്ചാലുള്ള ജനരോഷവും കൂടി കണക്കിലെടുത്താണ് ഇപ്രകാരം അഭിപ്രായപ്പെട്ടത്. ഇതിൽ നിയമവിരുദ്ധമായി യാതൊന്നും ഉദ്ദേശിച്ചിട്ടില്ല.

2. 30.04.2015 ന് സേവനത്തിൽ നിന്ന് വിരമിക്കുകയാണെന്നതിനാൽ 06.04.2015 മുതൽ താൻ അർദ്ധവേതന അവധിക്ക് അപേക്ഷിച്ചിരുന്നു. അപേക്ഷ അനുവദിച്ചുകൊള്ളാമെന്ന് അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വാക്കാൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീയതി മുതൽ താൻ ഓഫീസിൽ ഹാജരാവാറില്ലായിരുന്നു. ഈ സമയത്ത് വാർദ്ധക്യസഹജമായ അസുഖം മൂലം അച്ഛനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തന്റെ സ്വന്തം വീട് കോട്ടയം ജില്ലയിലെ അമയന്നൂർ ആണ് എന്നും അച്ഛൻ ആശുപത്രിയിൽ ആയതിനാൽ താൻ 05.04.2015 ന് വീട്ടിലേക്ക് പോവുകയുണ്ടായി എന്നും തുടർന്ന് 09.04.2015 ന് സ്റ്റേ ഓർഡർ വാങ്ങി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുന്നതിനായി ഓഫീസിലേക്ക് വന്നിരുന്നുവെങ്കിലും അന്നുതന്നെ തിരിച്ചുപോവുകയാണ് ഉണ്ടായത് എന്നും അറിയിച്ചു. പിന്നീട് 20.04.2015 നാണ് ഓഫീസിൽ ഹാജരാവുന്നത്. ഇപ്രകാരം താൻ സ്ഥലത്തില്ലാതിരുന്ന സമയത്തായിരിക്കാം സസ്പെൻഷൻ ഉത്തരവ് തപാലിൽ വന്നത് എന്നും നാട്ടിൽ പോയത് കുടുംബമായിട്ടായതിനാൽ തപാൽ വാങ്ങുന്നതിന് ആരുമില്ലാത്തതിനാൽ തിരിച്ചയച്ചതായിരിക്കാം എന്നും മനഃപൂർവ്വമായി സർക്കാരിന്റേതെന്നല്ല ഒരു തപാലുകളും കൈപ്പറ്റാതെ തിരിച്ചയക്കാറില്ല എന്ന് ബോദ്ധ്യപ്പെടുത്തുന്നു എന്നും അറിയിക്കുകയുണ്ടായി.

3. 06.04.2015 മുതൽ താൻ അർദ്ധവേതന അവധിയിലായിരുന്നു എന്നും 07.04.2015 നാണ് സസ്പെൻഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജ് കൈമാറ്റം നടന്നിട്ടുള്ളത് എന്നും അതേ തീയതി പ്രാബല്യത്തിൽ വരത്തക്കവണ്ണമാണ് സ്റ്റേ ഓർഡർ ലഭിച്ചത് എന്നും 08.04.2015 ന് കേരളത്തിൽ ഹർത്താൽ ആയതിനാൽ 09.04.2015 നാണ് സ്റ്റേ ഓർഡർ കൈയിൽ കിട്ടുന്നത് എന്നും അന്നുതന്നെ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം എന്നിവർക്ക് സ്റ്റേ ഓർഡർ ഇ - മെയിലായി സമർപ്പിച്ചിരുന്നു എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 08.04.2015 തീയതി വെച്ച് എ1/5770 നമ്പറായി സ്റ്റേ ഓർഡറിന്റെ പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക് ലഭ്യമാക്കുന്നതിനായി മതിയായ പകർപ്പുകൾ സഹിതമുള്ള അപേക്ഷ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നൽകുകയും ചെയ്തിരുന്നു എന്നും സ്റ്റേ ഉത്തരവിൽ "the applicant shall be allowed to function as Secretary Grama Panchayath till he retires from service on 30.04.2015" എന്ന് രേഖപ്പെടുത്തിയിരുന്നതിനാലും പഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം ആവശ്യപ്പെട്ടതിനാലും മാത്രമാണ് അന്നുണ്ടായിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസറേയും വാക്കാൽ അറിയിച്ച് 20.04.2015 ന് ജോലിയിൽ പ്രവേശിച്ചത് എന്നും കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താതിരിക്കുകയോ ചട്ടവിരുദ്ധമായി ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല എന്നും അറിയിക്കുകയുണ്ടായി.

4. 23.02.1982 ൽ ജോലിയിൽ പ്രവേശിച്ച് 30.04.2015 ന് സേവനത്തിൽ നിന്നും വിരമിച്ച വ്യക്തിയാണ് എന്നും ഇത്രയും കാലത്തെ സേവനത്തിനിടയിൽ ഒരിക്കൽപ്പോലും നിലവിലുള്ള ചട്ടങ്ങൾ പാലിക്കാതിരിക്കുകയോ അധികാര ദുർവിനിയോഗം നടത്തുകയോ മേലധികാരികളെ ധിക്കരിക്കുകയോ ചെയ്തിട്ടില്ല എന്നും ജോലി ചെയ്തിരുന്ന പഞ്ചായത്തുകൾക്കോ സർക്കാരിനോ യാതൊരുവിധ സാമ്പത്തികനഷ്ടവും വരുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നിട്ടും ഉത്തരവിലെ വാക്കുകൾക്കിടയിലുള്ള ആശയക്കുഴപ്പം മാറ്റുന്നതിനായി വിശദീകരണം വേണമെന്ന് അഭിപ്രായപ്പെട്ടതിനാലാണ് സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തത്. 1991 ൽ നടത്തിയ ഓപ്പറേഷനെ തുടർന്ന് ടിയാൻ പ്രമേഹരോഗിയും കൂടിയാണ്. ആയതിനാൽ കേവലം മാനുഷിക പരിഗണന നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിന്ന് ഒഴിവാക്കി, തടഞ്ഞുവെച്ചിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാൻ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടേയും നേരിൽ കേട്ടപ്പോൾ അറിയിച്ച വസ്തുതകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കാട്ടുമുണ്ടയിൽ ഡിസ്പെൻസറി തുടങ്ങാനുള്ള മമ്പാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കഴമ്പില്ലാത്തതാണെന്ന് സർക്കാർ സ്പഷ്ടമാക്കിയിട്ടുള്ളതും മേപ്പാട് തന്നെ പുതിയ ഡിസ്പെൻസറി തുടങ്ങുവാനായി നിർദ്ദേശങ്ങൾ നൽകിയിട്ടും ടി ഉത്തരവ് നടപ്പിലാക്കുന്നതിനു പകരം പ്രസ്തുത ഉത്തരവിന്മേൽ പഞ്ചായത്ത് കമ്മിറ്റി 07.02.2015 ൽ ചർച്ച നടത്തുകയും, കാട്ടുമുണ്ടയിൽ പ്രവർത്തിച്ചുവരുന്ന ഡിസ്പെൻസറി അവിടെനിന്നും മേപ്പാട് മാറ്റുവാൻ ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലെന്നും ആകയാൽ കാട്ടുമുണ്ടയിൽ പ്രവർത്തിച്ചുവരുന്ന ഹോമിയോ ഡിസ്പെൻസറി അതിന്റെ പ്രവർത്തനം അവിടെത്തന്നെ തുടരാമെന്ന് തീരുമാനം കൈക്കൊള്ളുകയും ചെയ്തപ്പോൾ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ.നാരായണപിള്ള പ്രസ്തുത തീരുമാനത്തിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്താതെ, പ്രസ്തുത തീരുമാനം അംഗീകരിക്കുകയാണ് ചെയ്തത്. ഇതിൽനിന്നുതന്നെ കുറ്റാരോപിതൻ KPR Act, 1994 Sections 182(1), (2) and (3) യുടെയും കേരള പഞ്ചായത്ത് രാജ് ( പഞ്ചായത്തിന്റെ യോഗ നടപടി ചട്ടക്രമം) ചട്ടം 5 ( 4 ) പ്രകാരമുള്ള ബാധ്യതയും അനുശാസിക്കുന്ന കർത്തവ്യത്തിൽ നിന്നും വ്യതിചലിച്ചതായി തെളിയുന്നു.

സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥനായ പഞ്ചായത്ത് സെക്രട്ടറി ഇവിടെ സർക്കാർ ഉത്തരവ് പൂർണ്ണമായും അവഗണിച്ചിരിക്കുന്നതായി കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് G.O.(Rt) No.952/2015തസ്വഭവ ഉത്തരവ് പ്രകാരം 27.03.2015 ൽ

ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായത്. തുടർന്ന് ബഹു . കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തെങ്കിലും കുറ്റാരോപിതൻ പ്രസ്തുത വിവരം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയോ സർക്കാരിന്റെയോ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പകരം സ്വയം മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി. ഔദ്യോഗികമായ ഒരു ഉത്തരവിന്റെയും പിൻബലമില്ലാതെ 20.04.2015 ൽ തിരികെ പ്രവേശിക്കുകയാണ് ഉണ്ടായത്. അതിന് ടിയാൻ നിരത്തിയ വാദങ്ങൾ ഒരു പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിരക്കാത്ത കേവലം വാദങ്ങളായി മാത്രം നിലനിൽക്കുന്നു.

മേൽ കണ്ടെത്തലുകളുടെ വെളിച്ചത്തിലും ടിയാനെ കേട്ടപ്പോൾ അറിയിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലും 30.04.2015 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ.പി.നാരായണപിള്ളയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം അഞ്ചു വർഷത്തേക്ക് സ്ഥിരമായി കുറവു ചെയ്യുവാൻ എടുത്ത താത്ക്കാലിക തീരുമാനം, റിട്ടയർ ചെയ്ത ടിയാന്റെ ആരോഗ്യനില സംബന്ധിച്ച് ടിയാനെ നേരിൽ കേട്ടപ്പോൾ സമർപ്പിച്ച അപേക്ഷ മാനുഷികമായി പരിഗണിച്ച്, ഇളവ് നൽകി 500/- രൂപ വീതം 5 വർഷത്തേക്ക് സ്ഥിരമായി കുറവു ചെയ്യുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത താൽക്കാലിക തീരുമാനം അന്തിമമാക്കി സ്ഥിരപ്പെടുത്തുന്നതിൽ ബഹു.കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം പരാമർശം ( 8 ) പ്രകാരം ആരായുകയും ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുന്നതായി പരാമർശം (8) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 30.04.2015 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.പി.നാരായണപിള്ളയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് സ്ഥിരമായി കുറവു ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.പി.നാരായണപിള്ള, മുൻ സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/173/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 15-03-2022 15:27:26**
സെക്ഷൻ ഓഫീസർ